₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L L I F E V O I C E

Monthly

Volume 8
Issue 10

**April 2020**

pages 24

"യഹോവയായ ദൈവം സൂര്യനും പരി
ചയും ആകുന്നു; യഹോവ കൃപയും മഹ
ത്വവും നൽകുന്നു; നേരോടെ നടക്കുന്ന
വർക്കു അവൻ ഒരു നന്മയും മുടക്കുകയി
ല്ല. സൈന്യങ്ങളുടെ യഹോവേ, നിന്നിൽ
ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ"

**(സങ്കീർത്തനങ്ങൾ 84:11,12)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

**Volume 8  Issue 10  April 2020  pages 24  Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557



**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് ആയി അയയ്ക്കാം. ദയവായി മണിഓർഡർ (MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 100**

## ഉള്ളടക്കം


| | പേജ് |
|---|---|
| • ദാവീദ് ഉണ്ടാക്കിയ നിയമം | 3 |
| • പ്രതികരണങ്ങൾ | 6 |
| • മഹാഭാഗ്യം (20) | 8 |
| • പുതിയനിയമത്തിലൂടെ യാത്ര (5) | 11 |
| • പരിശുദ്ധാത്മാവ് (23) | 14 |
| • യോവേൽ (13) | 17 |
| • ചോദ്യവും ഉത്തരവും (23) | 20 |
| • ബൈനോക്കുലർ (11) | 22 |
| • ഓരോരോ ജന്മങ്ങള് (4) | 23 |
| • റോഡിൽ കൂടിനിന്നവർക്ക് ... | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ

# ദാവീദ് ഉണ്ടാക്കിയ നിയമം!

''നമുക്കൊരു ജോലിയുണ്ടെങ്കിൽ ആരുടെയും മൂക്കും മുഖവും കാണേണ്ട. പണത്തിനുവേണ്ടി ഭർത്താവിനോട് ചോദിക്കേണ്ട കാര്യവുമില്ല. വീട്ടിൽ ഒരു വിലയും ഉണ്ടാകും.'' പല സ്ത്രീകളും ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്. എന്ത് ആവശ്യത്തിനും ഭർത്താവിനോട് പണം ചോദിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടായി പല ഭാര്യമാർക്കും അനുഭവപ്പെടുന്നുണ്ട് എന്നതിന്റെ തെളിവാണിത്.

ഭാര്യയെ ജോലിക്ക് വിടാൻ താത്പര്യമില്ലാത്ത ഭർത്താക്കന്മാരുണ്ട്. അത്തരമൊരു ഭർത്താവാണ് ഞാൻ. എന്നാൽ ജോലിക്ക് പോകണം എന്നു തീവ്രമായി ആഗ്രഹിക്കുന്ന ഭാര്യമാരുണ്ട്. അത്തരമൊരു ഭാര്യയാണ് എന്റേത്. ''ഞാൻ തളർന്നു വീണാൽ, അല്ലെങ്കിൽ ഈ ലോകത്തുനിന്നും മാറ്റപ്പെട്ടാൽ നീ ജോലിക്ക് പൊയ്ക്കൊള്ളൂ'' എന്നു പറഞ്ഞാണ് ഞാൻ എന്റെ ഭാര്യയെ ഇത്ര നാളും സമാധാനിപ്പിച്ചു നിർത്തിയിരിക്കുന്നത്.

എന്റെ വിവാഹം കഴിയുമ്പോൾ ഞാനോ എന്റെ ഭാര്യയോ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിൽ അല്ലായിരുന്നു. അന്നും ഞാൻ അവളെ ജോലിക്ക് വിട്ടില്ല. വീട്ടിൽ പല ജോലികൾ ഉണ്ട്. മക്കളായാൽ അവരെ നോക്കണം, പഠിപ്പിക്കണം, ശ്രദ്ധിക്കണം... ഇത്രയും ജോലികൾ വീട്ടിലുള്ളപ്പോൾ പിന്നെന്തിന് പുറമെ പോയി ജോലി നോക്കണം? ഇതായിരുന്നു എന്റെ ചിന്ത. ജോലിയുള്ള സ്ത്രീകൾ വീട്ടിലെ പണികൾ കഴിഞ്ഞ് ജോലിസ്ഥലത്തേക്ക് പായുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്.

''വീട്ടിൽ ചെയ്യാനുള്ള ജോലികൾ ചെയ്യുക; വീടിന് പുറത്തേക്ക് ജോലിക്കും പഠനത്തിനുമായി പോയിരിക്കുന്ന ഭർത്താവിനെയും മക്കളെയും ഓർത്ത് പ്രാർത്ഥിക്കുക'' - ഞാൻ ഒരു ഭാര്യയായിരുന്നുവെങ്കിൽ ഇങ്ങനെ ചെയ്യാൻ ഇഷ്ടപ്പെടുമായിരുന്നു എന്ന് പലപ്പോഴും ഞാൻ

എന്റെ വീട്ടിൽ പറയാറുണ്ട്. പക്ഷേ, എന്തു ചെയ്യാം... ഞാൻ ഒരു ഭർത്താവായിപ്പോയില്ലേ?

മിക്ക വീടുകളിലും ഭർത്താവും ഭാര്യയും ജോലിക്ക് പോകുന്നവരാണ്. മക്കൾ പലപ്പോഴും വീട്ടിൽ ഒറ്റയ്ക്കായിപ്പോകുന്നു. കുട്ടികൾ ചൂഷണത്തിനിരയാകുകയോ, തെറ്റായ കൂട്ടുകെട്ടുകളിൽ അകപ്പെടുകയോ, തെറ്റായ വഴികളിൽ സഞ്ചരിക്കുകയോ, പഠനത്തിൽ പുറകോട്ട് ആകുകയോ ഒക്കെയാണ് പരിണിതഫലം. ഈ അവസരത്തിൽ മൂന്നു വാക്യങ്ങൾ ദൈവവചനമായ ബൈബിളിൽനിന്നും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

**1. ''...പോറ്റിപ്പുലർത്തുകയത്രേ ചെയ്യുന്നത്''** (എഫെസ്യർ 5:29)

ഭർത്താവ് ഭാര്യയെ പോറ്റിപ്പുലർത്തുക എന്നതാണ് വചനത്തിലെ പൊതുവായ വ്യവസ്ഥ. ഒരു പെൺകുട്ടിയെ അത്തരമൊരു ഭർത്താവിന് ഏല്പിക്കാനാണ് മാതാപിതാക്കൾക്ക് താത്പര്യം. അബ്രഹാമിന്റെ ദാസൻ യിസ്ഹാക്കിന് പെണ്ണ് അന്വേഷിച്ച് ചെന്നപ്പോൾ പെൺവീട്ടുകാരുടെ മുമ്പാകെ ആഭരണങ്ങൾ പ്രദർശിപ്പിച്ചതും (ഉല്പത്തി 24:22), അബ്രാഹാമിന്റെ സ്വത്തുക്കളെക്കുറിച്ച് സംസാരിച്ചതും (24:35) അതുകൊണ്ടാണ്. അവരുടെ മകളെ പോറ്റിപ്പുലർത്തുന്നതിന് വകയുള്ള ചെറുക്കനാണ് യിസ്ഹാക്ക് എന്നു അവരെ ബോധ്യപ്പെടുത്തുകയായിരുന്നു ലക്ഷ്യം.

**2. ''സാമർത്ഥ്യമുള്ള ഭാര്യ....താത്പര്യത്തോടെ കൈകൊണ്ട് വേല ചെയ്യുന്നു''** (സദൃശ. 31:10-13)

ഭാര്യയ്ക്ക് ജോലി ചെയ്യാനുള്ള സ്വാതന്ത്ര്യം ദൈവവചനം തരുന്നുണ്ട്. സാമർത്ഥ്യമുള്ള ഭാര്യ ജോലി ചെയ്യുകയും സമ്പാദിക്കുകയും ചെയ്യും എന്നു ഈ വേദഭാഗം പരിശോധിച്ചാൽ നമുക്കു മനസ്സിലാക്കാം. ഭാര്യ വീടിന് പുറത്തുപോയി ജോലി ചെയ്യേണ്ട സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അങ്ങനെ ആകാവുന്നതാണ്. പട്ടിണിയും ഇല്ലായ്മയും ഒഴിവാക്കുന്നതിനും കടം വാങ്ങി ചെലവ് നടത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അതു ഉപകരിക്കുമെങ്കിൽ അങ്ങനെ ആകാം. പലയിടങ്ങളിലും ഭാര്യമാർ ജോലിക്ക് പോകുന്നത് സമൂഹത്തിൽ ധാരാളിത്വം കാണിച്ച് ജീവിക്കാൻ വേണ്ടിയല്ലേ എന്ന് എനിക്ക് തോന്നാറുണ്ട്. സ്വന്തം വീട്ടിൽ തന്നെ ഒരാൾക്ക് ചെയ്യാനുള്ള ജോലി ധാരാളമുണ്ട് എന്ന സത്യം നാം ഓർക്കണം. വിവേകത്തോടെ ചിന്തിച്ച് തീരുമാനമെടുക്കേണ്ട ആവശ്യം ഇവിടെയുണ്ട്.

**3. ''യുദ്ധത്തിനു പോകുന്നവന്റെ ഓഹരിയും സാമാനങ്ങൾക്ക രികെ താമസിക്കുന്നവന്റെ ഓഹരിയും ഒരുപോലെ ആയിരിക്കണം. അവർ സമാംശമായി ഭാഗിച്ചെടുക്കേണം''** (1 ശമുവേൽ 30:24)

ദാവീദ് യിസ്രായേൽമക്കളുടെ മധ്യേ ഉണ്ടാക്കിയ നിയമം ആണിത്. യുദ്ധത്തിന് പോകുന്നവനും വീട്ടുസാധനങ്ങൾക്ക് കാവൽ നിൽക്കുന്നവനും ഒരേ സ്ഥാനമാണുള്ളത്. വീട്ടിൽ കഴിയുന്ന ഭാര്യയ്ക്കും വീട്ടിന് പുറത്ത് ജോലിക്കു പോകുന്ന ഭർത്താവിനും ഒരേ സ്ഥാനമാണ് എന്നു ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു ചിന്തിക്കാം.

മിക്ക ഭാര്യമാരും ജോലിക്ക് പോകുന്നത് തനിക്ക് സ്വന്തമായി ഒരു നിലയും വിലയും ഉണ്ടാക്കിയെടുക്കുന്നതിനാണ്. പക്ഷേ ദൈവവചനപ്രകാരം വീട്ടിലെ കാര്യങ്ങൾ നോക്കി നടത്തുന്ന വ്യക്തിക്ക് - അത് ഭാര്യയായാലും ഭർത്താവായാലും - പുറമെ ജോലിക്ക് പോകുന്ന വ്യക്തിയുടെ അത്രയും സ്ഥാനം തന്നെയാണുള്ളത്. അതുകൊണ്ട് ഒരാൾ വീട്ടുകാര്യങ്ങളും മക്കളെയും ശ്രദ്ധിക്കുകയും മറ്റൊരാൾ പുറമെ ജോലിക്ക് പോകുന്നതും ആണ് കൂടുതൽ നല്ലത്.

രണ്ടു പേരും ജോലിക്ക് പോകുന്ന കുടുംബങ്ങൾ ഏറ്റവും കുറഞ്ഞത് ആ അവസ്ഥയ്ക്ക് മാറ്റം വരാനെങ്കിലും ആഗ്രഹിക്കുക. കാരണം പണത്തിനേക്കാൾ മുഖ്യം ആത്മികകാര്യങ്ങളാണ്. പുറമെ പോയി സുവിശേഷം പറഞ്ഞ് ഒരാളെ രക്ഷയിലേക്ക് കൊണ്ടുവരുന്നത് വളരെ ദുഷ്കരമായിത്തീർന്നിരിക്കുന്ന ഈ നാളുകളിൽ സ്വന്തം വീട്ടിലെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാൻ കഴിയാതെ അവർ വഴി പിഴച്ചുപോകുന്ന കാഴ്ചകൾ നമ്മുടെ മുമ്പാകെ ഇല്ലേ?

ജീവിതത്തിലെ പ്രാരാബ്ധങ്ങൾ നിമിത്തമാണ് രണ്ടു പേരും ജോലിക്ക് പോകുന്നതെങ്കിൽ, തത്ക്കാലം ആ സ്ഥിതി തുടരുക. ആ സ്ഥിതി മാറ്റിത്തരുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക. കടമില്ലാതെ ജീവിക്കുവാൻ പരമാവധി നാം പരിശ്രമിക്കേണ്ടതാണല്ലോ. നിർഭാഗ്യവശാൽ ഇന്നത്തെ ലോകത്തിൽ കണ്ടുവരുന്നത്, രണ്ടു പേരും ജോലിക്ക് പോകുന്നുവെങ്കിലും കടത്തിനു കുറവില്ല! ജീവിതച്ചെലവുകളെ നിയന്ത്രിക്കാതെ ധൂർത്തടിച്ചും പൊങ്ങച്ചം കാട്ടിയും ഉല്ലസിച്ചും ഉള്ള ജീവിതം! ശേഷിച്ച കഷണം പന്ത്രണ്ട് കുട്ട നിറച്ചെടുത്തവരാണ് ആദിമശിഷ്യന്മാർ (മത്തായി 14:20). ഇന്നോ? ശേഷിപ്പുമില്ല, സൂക്ഷിച്ചുവയ്ക്കലുമില്ല. എല്ലാം അന്നന്ന്, അടിച്ചുപൊളിച്ച്, ഒരു ജീവിതം! തിരുത്തുവാൻ ഇനിയും വൈകിക്കൂടാ.

**എം. വി. സെബാസ്റ്റ്യൻ**

**100**

ഈ ലക്കം *റിയൽ ലൈഫ് വോയ്സി*ന്റെ 100-ാം ലക്കമാണ്. കഴിഞ്ഞ 100 മാസങ്ങളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഈ മാസിക പ്രസിദ്ധീകരിക്കുവാൻ സ്നേഹവാനായ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)

## ആശംസകൾ അറിയിച്ചവർ

### Joseph V. V, Thiruvamkulam, Ernakulam

റിയൽ ലൈഫ് വോയ്സിന്റെ 100-ാമത്തെ പതിപ്പിന് എല്ലാ വിധ ആശംസകളും നേരുന്നു.

### P. V. Santhosh, Editor, Snehithen, Meenangadi, Waynad

യോസേഫ് ഫലപ്രദമായൊരു വൃക്ഷം. അതുപോലെ ഈ മാസികയും ഫലപ്രദമായൊരു വൃക്ഷമായി തുടരട്ടെ. അനേകർക്ക് ആശ്വാസത്തിനും ആത്മികവർദ്ധനവിനും കാരണമാകട്ടെ.

### K. M. Kurien, Nilambur, Malappuram

എല്ലാ ലേഖനങ്ങളും നല്ലതാണ്. തുടർന്നും മുന്നോട്ടു പോകാൻ ദൈവം സഹായിക്കട്ടെ.

### K. M. Kuriakose, Mylellampara, Kozhikode

കയ്യിൽ കിട്ടിയാലുടൻ വായിക്കാൻ തോന്നുന്ന ഒരു കൊച്ചുമാസികയാണ് റിയൽ ലൈഫ് വോയ്സ്. എല്ലാവിധ ആശംസകളും നേരുന്നു.

### Hebby K. V, Editor, Kunjumitram, Pazhanji, Thrissur

ശക്തമായ ഭാഷ, കൃത്യമായ ഉപദേശസത്യം, കാര്യങ്ങൾ തുറന്നു പറയാനുള്ള കരുത്ത് എന്നിവ ഈ മാസികയെ വ്യത്യസ്തമാക്കുന്നു. അഭിനന്ദനങ്ങൾ! കർത്താവ് ഈ ശുശ്രൂഷയെ അനുഗ്രഹിക്കട്ടെ. നിലനിർത്തട്ടെ.

### M. D. Jacob, Thalore, Thrissur

സാധാരണക്കാരനെ സന്തോഷിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന മാസികയാണ് ഇത്. അങ്ങനെത്തന്നെ തുടരുക.

**Kurian Mathew, Kakkanad, Ernakulam**

മാസിക 100-ാം ലക്കത്തിലേക്ക് കടക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ മാസികയിലൂടെ, നല്ല നിലവാരം പുലർത്തി താങ്കൾ ചെയ്യുന്ന ഈ പ്രവർത്തനത്തിന് അഭിനന്ദനം അറിയിക്കുകയും ദൈവത്തിനു സ്തോത്രം ചെയ്യുകയും ചെയ്യുന്നു. എഡിറ്റോറിയലും മറ്റെല്ലാ ലേഖനങ്ങളും സമൂഹത്തിന്റെയും ആത്മികഗോളത്തിന്റെയും ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തിയുള്ളതാണ്. ദൈവത്തിന്റെ കരങ്ങളിൽ നല്ലൊരു ഉപകരണമായി താങ്കളെ ഉപയോഗിക്കുന്നതിൽ ഞാൻ ദൈവത്തിന് ആത്മാർത്ഥമായി സ്തോത്രം ചെയ്യുന്നു.

**John Varghese, Malampuzha, Palakkad**

മാസിക ചെറുതാണെങ്കിലും വളരെ പ്രയോജനകരമാണ്. വളരെ താത്പര്യത്തോടെ ഞാൻ അതു വായിക്കാറുണ്ട്. എല്ലാവിധ ആശംസകളും നേരുന്നു. പ്രാർത്ഥിക്കുന്നു.

**www.reallifevoice.in**

**നമ്മുടെ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങൾ**

**Magazine:** ♦2017 മുതലുള്ള മാസികകൾ

**Studies:** ♦മൂലഭാഷകളുടെ സൗന്ദര്യം ♦ ഓബദ്യാവ് (പുസ്തകപഠനം)
♦ കുടുംബജീവിതം ♦ വിശ്വാസവും സ്നാനവും ♦ മൂപ്പൻ
♦ മീഖാ (പുസ്തകപഠനം)

**Defence:**♦ചോദ്യവും ഉത്തരവും (സംശയങ്ങൾക്കുള്ള മറുപടി)
♦ ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു?
♦ ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

**Individuals:** ♦ചിന്തകൾ പന്തങ്ങളാകുമ്പോൾ (ഡയറിക്കുറിപ്പുകൾ)
♦ തിരുവട്ടാർ കൃഷ്ണൻകുട്ടി ♦മഹാകവി കെ.വി.സൈമൺ

**Miscellaneous:** ♦ഇമ്മാനുവിന്റെ സംശയങ്ങൾ ♦ തലമുറകൾ
♦ സഭ (സൺഡേസ്കൂൾപാഠങ്ങൾ)
♦ സൺഡേസ്കൂൾപാഠങ്ങൾ (ഒന്നാം ഭാഗം)
♦ സത്യം തേടിയുള്ള അന്വേഷണം

# മഹാഭാഗ്യം! (20)

റ്റി. ജോൺമാത്യു, മണ്ണുത്തി

## ധൈര്യം തള്ളിക്കളയാതിരിക്കുക

നാം ധൈര്യം പ്രകടിപ്പിക്കുന്നവരായിരിക്കണം എന്നും കൂടെ വചനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദൈവഹിതപ്രകാരം നിരവധി കാര്യങ്ങൾ ചെയ്ത പത്രൊസും യോഹന്നാനും മറ്റു ശിഷ്യന്മാരും വലിയ ധൈര്യം കാണിച്ചവരായിരുന്നുവെന്ന് അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ ധൈര്യം കണ്ട് അന്നത്തെ ഭരണാധികാരികൾ അത്ഭുതപ്പെട്ടുവെന്നു നാം വായിക്കുന്നു (അപ്പൊ.പ്രവൃ.4:13). പരിശുദ്ധാത്മനിറവു മൂലമാണ് ശിഷ്യന്മാർ വലിയ ധൈര്യശാലികളായിത്തീർന്നതെന്നു വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

പഴയനിയമകാലത്ത് ജീവനുള്ള സത്യദൈവത്തെ മാത്രം ആരാധിച്ചതിന്റെ പേരിൽ എരിയുന്ന തീച്ചൂളയിലേക്കും (ദാനിയേൽ 3-ാം അദ്ധ്യായം), സിംഹത്തിന്റെ ഗുഹയിലേക്കും (ദാനിയേൽ 6-ാം അദ്ധ്യായം) എറിയപ്പെടുവാനിടയായ തന്റെ ദാസന്മാരെ ധൈര്യപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്ത ദൈവാത്മാവ് അപ്പൊസ്തലിക കാലത്ത് യേശുവിന്റെ ശിഷ്യന്മാരെയും ധൈര്യപ്പെടുത്തി. അതു നിമിത്തം 'ഭൂലോകത്തെ കീഴ്മേൽ മറിക്കുന്നവർ' (അപ്പൊ.പ്രവൃ.17:6 ന്റെ ശരിയായ തർജ്ജമ) ആയി അവർ കാണപ്പെട്ടു.

അപ്പൊ.പ്രവൃ. 16-ാം അദ്ധ്യായം ചൂണ്ടിക്കാണിക്കുന്നത്, അക്ഷരാർത്ഥത്തിലുള്ള ഭൂകമ്പം ഉളവാക്കുന്നവരായും അവർ കാണപ്പെട്ടു എന്നാണ്. അവർ കാണിച്ചതുപോലുള്ള ധൈര്യം ദൈവമക്കളായ നാമോരോരുത്തരും പ്രകടിപ്പിക്കേണ്ടതാണെന്നും അതു നമുക്കു പ്രകടിപ്പിക്കാൻ സാധിക്കുമെന്നും വചനം വ്യക്തമാക്കുന്നു. "മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്" എന്നാണ് എബ്രായർ 10:35 ൽ നാം വായിക്കുന്നത്.

ഇതിനർത്ഥം ദൈവേഷ്ടപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ ധൈര്യം ദൈവം തന്റെ ആത്മാവിലൂടെ നമുക്കു തന്നിട്ടുണ്ടെന്നും ആ ധൈര്യം നാം തള്ളിക്കളയാതിരുന്നാൽ മതിയെന്നുമാണ്. എങ്ങനെയാണ് ധൈര്യം തള്ളിക്കളയാതെ സ്വീകരിക്കാൻ കഴിയു

ന്നതെന്ന് മനസ്സിലാക്കാൻ ദാനിയേലിന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ശദ്രക്ക്, മേശെക്ക്, അബേദ്നെഗോ, ദാനിയേൽ എന്നിവരുടെ അനുഭവങ്ങളും അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ശിഷ്യന്മാരുടെ അനുഭവങ്ങളും നാം വായിച്ചു നോക്കിയാൽ മതി.

പ്രതികൂലസാഹചര്യങ്ങൾ വകവയ്ക്കാതെ ദൈവത്തെ അനുസരിക്കാനായി നാം ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനു തയ്യാറാകുകയും ചെയ്യുമ്പോൾ ദൈവം നമ്മെ തന്റെ ദിവ്യാത്മാവിനാൽ നിറയ്ക്കുകയും അതിന്റെ ഫലമായി വലിയ ധൈര്യമുള്ളവരായി നാം രൂപാന്തരപ്പെടുകയും ചെയ്യുന്നു. അതാണ് പഴയനിയമകാലത്തും അപ്പൊസ്തലികകാലത്തും ദൈവത്തിന്റെ ദാസന്മാരിൽ കാണപ്പെട്ട അമാനുഷ ധൈര്യത്തിന്റെ രഹസ്യം.

ഇന്നു നാം അവരെപ്പോലെ പ്രവർത്തിച്ചാൽ നമുക്കും ദൈവാത്മാവ് ഈ ധൈര്യം നൽകും. അതിന്റെ ഫലമായി കഷ്ടത ക്ഷമയോടെ സഹിച്ചുകൊണ്ട് ദൈവഹിതം അനുസരിക്കുവാൻ പ്രാപ്തിയുള്ളവരായി നാമും രൂപാന്തരപ്പെടും. ഒരു നാളിൽ ദൈവമുമ്പാകെ നിൽക്കുമ്പോൾ വിലയേറിയ പ്രതിഫലത്തിനു നാം അർഹരായിരിക്കുന്നതായി കാണുകയും ചെയ്യും.

## നല്ല പോർ പൊരുതുക

ധൈര്യത്തോടെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും നമ്മുടെ സമസൃഷ്ടങ്ങളുടെ രക്ഷയ്ക്കും വേണ്ടി യുദ്ധം ചെയ്യണമെന്നാണ് കർത്താവ് നമ്മോടു കല്പിച്ചിരിക്കുന്നത്. തിമൊഥെയൊസിന് പൗലൊസപ്പോസ്തലൻ എഴുതിയ ലേഖനങ്ങളിൽ: “നീ വിശ്വാസവും നല്ല മനസാക്ഷിയും ഉള്ളവനായി... നല്ല യുദ്ധസേവ ചെയ്ക” (1 തിമൊ.1:18) എന്നും, “ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക” (2 തിമൊ.2:3) എന്നും ആജ്ഞാപിച്ചിരിക്കുന്നതായി കാണുന്നു.

യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഒരു പടയാളി തന്റെ സർവശക്തിയും ഉപയോഗിച്ചാണ് ശത്രുവിനെതിരെ പോരാടുന്നത്. അതുപോലെ ക്രിസ്തുവിന്റെ പടയാളികളായ നാം പാപത്തിന്റെ ബന്ധനത്തിനും വശീകരണത്തിനും വിധേയരായ നമ്മുടെ സമസൃഷ്ടങ്ങളെ വിടുവിച്ചു രക്ഷയിലേക്കു നടത്തുന്നതിനായി സർവശക്തിയുമുപയോഗിച്ച് യുദ്ധം

ചെയ്യേണ്ടതാണ്. ഈ യുദ്ധത്തിൽ നാമുപയോഗിക്കേണ്ടത് ഭൗമികായുധങ്ങളല്ല, പിന്നെയോ സത്യം, നീതി, വിശ്വാസം, പ്രാർത്ഥന, സുവിശേഷഘോഷണത്തിനുള്ള ഒരുക്കം, ദൈവവചനം തുടങ്ങിയ ആത്മികായുധങ്ങളാണ് (എഫെസ്യർ 6:14-18).

ഇവയുപയോഗിച്ച് പൗലൊസപ്പോസ്തലൻ വളരെ വിശ്വസ്തതയോടെ യുദ്ധം ചെയ്തു. അനേകം ആളുകളെ രക്ഷയിലേക്കും ശിഷ്യത്വത്തിലേക്കും നടത്തി. അനേകം സഭകൾ സ്ഥാപിച്ചു. അതിനാൽ തന്റെ ജീവിതത്തിന്റെ അന്ത്യം അടുത്തപ്പോൾ, ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു (2 തിമൊ.4:7) എന്നു പറയുവാൻ അദ്ദേഹത്തിനു സാധിച്ചു.

ക്രിസ്തുവിന്റെ പടയാളിയായി എത്ര ആത്മാർത്ഥതയോടെ അദ്ദേഹം യുദ്ധസേവ ചെയ്തുവോ അത്രയും ആത്മാർത്ഥതയോടെ ദൈവഹിതം അനുസരിക്കുവാൻ ഇന്നു നമുക്കും കഴിയേണ്ടതാണ്. തന്റെ പരിശുദ്ധാത്മാവ് മുഖാന്തരം ദൈവം നമുക്കു തരുന്ന ധൈര്യം നഷ്ടപ്പെടുത്താതെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആത്മനിറവിൽ ജീവിച്ചാൽ നമുക്ക് അത് സാധ്യമായിത്തീരും; സംശയമില്ല.

**(തുടരും)**

നമ്മുടെ മാസികയിൽ പേജുകൾ കുറവായതിനാൽ, **ഇമ്മാനുവിന്റെ സംശയങ്ങൾ, സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ, കൊച്ചുണ്ണിയുടെ ബൈബിൾ വായന, ബൈനോക്കുലർ, ചെറുകഥ, ചോദ്യവും ഉത്തരവും, ചിന്തകൾ പന്തങ്ങളാകുമ്പോൾ, ഓരോരോ ജന്മങ്ങള്!** എന്നിങ്ങനെയുള്ള പംക്തികൾ എല്ലാ മാസവും കൊടുക്കാൻ കഴിയാറില്ല.

**(എഡിറ്റർ)**


## വൈവാഹികം

4M2

വിശ്വസിച്ച് സ്നാനമേറ്റ യുവാവ്, 32/173, M.Tech., ഗവ. സർവ്വീസിൽ contract basis ൽ Project Engineer ആയി ജോലി ചെയ്യുന്നു. ആഭരണം ധരിക്കുന്നവരിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ: 8075576603**

**ഈ നമ്പറിൽ മാത്രം വിളിക്കുക. എഡിറ്ററെ വിളിക്കരുത്**

# 5 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...


## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ


*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

### ഒന്നാം ഭാഗം: മരങ്ങൾ

4. **അത്തിവൃക്ഷം: മുന്തിരിത്തോട്ടത്തിലുണ്ടായിരുന്നത്** (ലൂക്കൊസ് 13:6–9)

വഴിയരികിൽ ഉണ്ടായിരുന്ന അത്തിവൃക്ഷമാണ് നാം കഴിഞ്ഞ ലക്കത്തിൽ കണ്ടത്. ഇപ്പോൾ നാം ചിന്തിക്കാൻ പോകുന്നത്, മുന്തിരിത്തോട്ടത്തിലുണ്ടായിരുന്ന അത്തിവൃക്ഷത്തെക്കുറിച്ചാണ്. അത്തിവൃക്ഷങ്ങളുടെ പശ്ചാത്തലത്തിൽ കർത്താവ് പല കാര്യങ്ങളും പഠിപ്പിച്ചിട്ടുണ്ട്. വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും (മത്തായി 21:22) എന്ന പാഠം, വഴിയരികിൽ ഉണ്ടായിരുന്ന അത്തിവൃക്ഷം നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനയുടെ വിജയവും വിശ്വാസത്തിന്റെ പ്രാധാന്യവും ആ അത്തിവൃക്ഷം നമ്മെ വിളിച്ചറിയിക്കുന്നു. ഇനി, ലൂക്കൊസ് 13:6–9 ആധാരമാക്കി, മുന്തിരിത്തോട്ടത്തിലുണ്ടായിരുന്ന അത്തിവൃക്ഷത്തെ നമുക്കു സമീപിക്കാം.

ഒരുത്തന്റെ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം ഉണ്ടായിരുന്നു. മൂന്നു വർഷമായി അയാൾ അതിൽ ഫലം തിരഞ്ഞുവെങ്കിലും കണ്ടില്ല. അതിനെ വെട്ടിക്കളയാൻ അയാൾ തോട്ടക്കാരനോടു പറഞ്ഞു. ഒരു വർഷം കൂടി നോക്കാമെന്നും, അതിനു നല്ല പോലെ വളം ഇട്ടുകൊള്ളാമെന്നും തോട്ടക്കാരൻ പറഞ്ഞ്, ആ അത്തിമരത്തിന്റെ അപ്പോഴത്തെ നാശം തടഞ്ഞു. ഇതാണ് കർത്താവ് പറഞ്ഞ ഉപമയുടെ ചുരുക്കം.

ഈ ഉപമയിലെ 'ഒരുത്തൻ', 'മുന്തിരിത്തോട്ടം', 'അത്തിവൃക്ഷം', 'തോട്ടക്കാരൻ', 'മൂന്നു സംവത്സരം' ഇവയ്ക്കെല്ലാം പല പല വ്യാഖ്യാനങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. 'ഒരുത്തൻ' ദൈവമാണെന്നും, 'മുന്തിരിത്തോട്ടം' പാലസ്തീൻ എന്ന ദേശമാണെന്നും, 'അത്തിവൃക്ഷം' യിസ്രായേൽജനതയാണെന്നും, 'തോട്ടക്കാരൻ' യേശുവാണെന്നും, 'മൂന്നു സംവത്സരം' കർത്താവിന്റെ ഈ ഭൂമിയിലെ ജീവിതകാലത്തെ ഉദ്ദേശിച്ചാണെന്നും ഒക്കെ വ്യാഖ്യാനിച്ചു കാണാറുണ്ട്. ആ വ്യാഖ്യാനങ്ങളുടെ വിശദാംശങ്ങളിലേക്ക് നാം കടക്കു

ന്നില്ല. പകരം, ഈ ഉപമയിലെ അത്തിവൃക്ഷത്തെ നമുക്കൊന്നു സൂക്ഷിച്ചുനോക്കാം.

### മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷം

മുന്തിരിത്തോട്ടത്തിൽ അത്തിവൃക്ഷം നട്ടുപിടിപ്പിക്കാറുണ്ടത്രേ. ഇങ്ങനെ ചെയ്യുന്നതു മൂലം, മുന്തിരിവള്ളിയുടെയും അത്തിവൃക്ഷത്തിന്റെയും തണൽ ഒരുമിച്ച് ആസ്വദിക്കാൻ കഴിയും. "ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കുക" എന്നൊരു ചൊല്ല് യിസ്രായേൽമക്കളുടെ മധ്യേ ഉണ്ടല്ലോ (1 രാജാക്കന്മാർ 4:25; മീഖാ 4:4; സെഖര്യാവ് 3:10). സമൃദ്ധിയെയും സമാധാനത്തെയും കാണിക്കാൻ ആണ് ഈ ചൊല്ല് പൊതുവെ ഉപയോഗിച്ചിരുന്നത്.

### ഫലമില്ലാത്ത അത്തിവൃക്ഷം

നട്ടുവളർത്തിയ അത്തിവൃക്ഷത്തിൽ ഉടമസ്ഥൻ ഫലം തിരയുക സ്വാഭാവികമാണ്. മൂന്നു വർഷമായി അദ്ദേഹം ഫലം തിരഞ്ഞുവന്നു. പക്ഷേ ആ അത്തിവൃക്ഷം ഫലം പുറപ്പെടുവിച്ചില്ല. തന്റെ അത്തിവൃക്ഷം ഫലം പുറപ്പെടുവിക്കുന്നുണ്ടോ എന്നറിയാൻ, കഴിഞ്ഞ മൂന്നു വർഷമായി യജമാനൻ ആകാംക്ഷയോടെ അന്വേഷിക്കുന്നുണ്ടായിരുന്നു എന്ന സത്യം കാണാൻ ആ അത്തിമരത്തിനു കഴിഞ്ഞില്ല. അതിനു കണ്ണില്ലായിരുന്നു എന്നു സമാധാനിക്കാം. പക്ഷേ നാമോ? "നാം ദൈവത്തിനു ഫലം കായ്ക്കുമാറ്..." എന്നു റോമർ 7:4 ൽ വായിക്കുന്നു. ഫലം പുറപ്പെടുവിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. നാം ഫലമൊന്നും പുറപ്പെടുവിക്കാതെ നിൽക്കുന്ന വൃക്ഷമാണെങ്കിൽ ഓർത്തുകൊൾക: സ്രഷ്ടാവും രക്ഷിതാവുമായ ദൈവം ഈ നാളുകളിലെല്ലാം നമ്മിൽ ഫലം തിരഞ്ഞുകൊണ്ടിരിക്കുന്നു. നട്ടുവളർത്തിയവനോട് നന്ദിയുണ്ടെങ്കിൽ, നാം ഫലം പുറപ്പെടുവിച്ചുകൊണ്ടുതന്നെ ആയിരിക്കണം.

### നിലം പാഴാക്കുന്ന അത്തിവൃക്ഷം

"അതിനെ വെട്ടിക്കളക. അതു നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്?" എന്നാണ് യജമാനൻ പറഞ്ഞത്. മൂന്നു വർഷമായിട്ടും യാതൊരു ഫലവും പുറപ്പെടുവിക്കാത്ത അത്തിവൃക്ഷം നിലം പാഴാക്കിക്കളയുകയാണ്; അതു വെട്ടിക്കളഞ്ഞാൽ, അവിടെ മറ്റൊന്നു നട്ടുവളർത്താൻ കഴിയും. തേങ്ങയൊന്നും ഉണ്ടാവാത്ത തെങ്ങ് ആർക്കു വേണം? ഫലവൃക്ഷങ്ങൾ ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ വെട്ടിക്കളയുക തന്നെയാണ് ചെയ്യുക. നാമെങ്ങനെയാണ്? നിലം പാഴാക്കുന്ന അത്തിമരങ്ങളാണോ? നാം ഫലം പുറപ്പെടുവിക്കുന്നതിൽ തുടർച്ചയായി പരാജയപ്പെട്ടാൽ, 'വെട്ടിക്കളക' എന്നതാണ് അടുത്ത പടിയെന്ന കാര്യം മറക്കാതിരിക്കുക.

നിലം പാഴാക്കുന്ന അത്തിമരങ്ങൾ ദൈവത്തിനു വേണ്ട. നിലം പാഴാ

ക്കുന്ന മരങ്ങളായി യിസ്രായേൽജനം അധഃപതിച്ചപ്പോൾ, കർത്താവ് പറഞ്ഞത് ഇപ്രകാരമായിരുന്നു: “അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (മത്തായി 21:43). അപ്പോൾ അതാണ് ദൈവത്തിന്റെ പോളിസി – അതായത്, ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ, ആ മരം വെട്ടിക്കളഞ്ഞ്, മറ്റൊന്നിനു അവസരം കൊടുക്കും.

പുരോഹിതനായ ഏലിയുടെ മക്കൾ നിലം പാഴാക്കുന്ന ജന്മങ്ങളായി അധഃപതിച്ചപ്പോൾ, ദൈവം ശമൂവേലിന് അവസരം നൽകി. യിസ്രായേലിലെ ആദ്യത്തെ രാജാവായ ശൗൽ ഫലം പുറപ്പെടുവിക്കാത്ത മരമായി തരംതാണപ്പോൾ, ദൈവം ദാവീദിനെ അവനു പകരം എഴുന്നേല്പിച്ചു. നാശയോഗ്യനായ യൂദാ ഫലം പുറപ്പെടുവിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ, അവന്റെ അദ്ധ്യക്ഷസ്ഥാനം മറ്റൊരുത്തനു ലഭിക്കട്ടെ എന്നു ദൈവം തീരുമാനിച്ചു (അപ്പൊ.പ്രവൃ.1:20). നിലം പാഴാക്കുന്ന മരങ്ങളുടെ ഒരു ലിസ്റ്റ് ദൈവം തയ്യാറാക്കിയാൽ, അതിൽ നാം ഉൾപ്പെടുമോ എന്നു വളരെ ഗൗരവത്തോടെ ഓരോ വിശ്വാസിയും ചിന്തിക്കേണ്ടതുണ്ട്. വെട്ടിക്കളയപ്പെടുന്നതിനു മുമ്പ് നാം തിരുത്താൻ തയ്യാറായാൽ നന്ന്.

**തോട്ടക്കാരന്റെ പക്ഷവാദം മൂലം രക്ഷപ്പെട്ട അത്തിവൃക്ഷം**

“അതിനെ വെട്ടിക്കളക” എന്നു ദീർഘക്ഷമയുള്ള യജമാനൻ തീരുമാനിച്ചപ്പോൾ, ദയാലുവായ തോട്ടക്കാരൻ ആ ഫലമില്ലാത്ത മരത്തിനുവേണ്ടി വാദിക്കുന്നു! നശിപ്പിക്കരുതേ എന്നു വാദിക്കുന്നു! ഒരു വർഷം കൂടി അവസരം കൊടുക്കണേ എന്നു അപേക്ഷിക്കുന്നു! ഫലം പുറപ്പെടുവിക്കാത്ത മരത്തിനുവേണ്ടി പക്ഷവാദം ചെയ്യുന്ന ഈ തോട്ടക്കാരനെ നമുക്കു പരിചയമില്ലേ? റോമർ 8:34 ൽ നാം ഇങ്ങനെ വായിക്കുന്നുവല്ലോ: “ക്രിസ്തുയേശു... ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു.” ഈ പക്ഷവാദമാണ് നമ്മെ ഇത്രടം വരെ എത്തിച്ചത് എന്ന സത്യം നാം മറക്കരുതേ.

**ഈ അത്തിവൃക്ഷം നൽകുന്ന പാഠം**

“അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും” എന്നു പറഞ്ഞുകൊണ്ടാണ് കർത്താവ് ഈ ഉപമ പറഞ്ഞത് (ലൂക്കൊസ് 13;5). അതു തന്നെയാണ് ഈ ഉപമയുടെ സന്ദേശവും. യോഹന്നാൻസ്നാപകൻ പറഞ്ഞത് നമുക്കോർക്കാം: “ഇപ്പോൾ തന്നേ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു” (മത്തായി 3:10). നാമെന്ന വൃക്ഷത്തിലേക്ക് നമുക്ക് നോക്കാം. ഫലം ഉണ്ടോ? ദൈവത്തിലാശ്രയിച്ച് നമുക്ക് കൂടുതൽ ഫലമുള്ളവരാകാം.

**(തുടരും)**

# പരിശുദ്ധാത്മാവ്

## 23

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

വായനക്കാരുടെ ഭാഗത്തു നിന്നു ലഭിച്ച ഒരു കത്തും അതിനുള്ള മറുപടിയുമാണ് ഈ ലക്കത്തിൽ കൊടുക്കുന്നത്. കത്ത് സുദീർഘമായതുകൊണ്ട് അതിലെ ചില ഭാഗങ്ങൾ മാത്രം പൊതുപ്രയോജനത്തിനായി ഇവിടെ കൊടുക്കുന്നു. George Tharayil, Pulikkalkavala, Kottayam ആണ് ഈ കത്ത് എഴുതിയിരിക്കുന്നത്.

**"ഞാനൊരു വൃദ്ധനും 82 വയസ്സുകാരനുമാണ്. താങ്കളെ ഒരു സ്നേഹിതനായി കണ്ടാണ് ഞാനിതു എഴുതുന്നത്"**

വളരെ നന്ദി. അങ്ങയെപ്പോലെ 80 വയസ്സ് പിന്നിട്ട ധാരാളം ആളുകൾ ഈ മാസിക വായിക്കുന്നു; പ്രതികരിക്കുന്നു; ഒരു എഡിറ്റർ എന്ന നിലയിൽ എനിക്ക് വലിയ അളവിൽ പ്രോത്സാഹനം തരുന്ന കാര്യമാണിത്.

**"താങ്കൾ ഒരു ബ്രദറൺമിഷൻ ചിന്താഗതിക്കാരനാണെന്നു തോന്നുന്നു. ഞാനൊരു പെന്തെക്കോസ്തു വിശ്വാസിയാണ്... ബ്രദറൺസഭയിൽ ആരാധിക്കുന്ന ഒരാൾക്ക് പെന്തെക്കോസ്തിലെ അന്യഭാഷയെക്കുറിച്ച് കുറ്റം പറയാൻ എങ്ങനെ കഴിയുന്നു?"**

ഞാൻ 'ബ്രദറൺ'കാരനല്ല. ക്രിസ്ത്യാനിയാണ്. ഞാൻ ഏതെങ്കിലും 'ബ്രദറൺസഭ'യിലല്ല ആരാധിക്കുന്നത്. ബ്രദറൺസഭ എന്നോ പെന്തെക്കോസ്തുസഭ എന്നോ വചനത്തിലില്ലല്ലോ. പെന്തെക്കോസ്തുവിശ്വാസി എന്നും ബൈബിളിൽ ഇല്ല. ഞങ്ങളെപ്പോലുള്ളവർ സാധാരണയായി വീടുകളിൽ കൂടി വരുന്നു. സഭയുടെ പേര് ചോദിച്ചാൽ ക്രിസ്തുസഭ (Church of Christ) എന്നോ, ദൈവസഭ (Church of God) എന്നോ പറയും. അതാണല്ലോ വചനത്തിലെ മാതൃകയും.

**"താങ്കൾ പെന്തെക്കോസ്തുകാരെ അടിച്ച ഒരടി ഇങ്ങനെയാണ്: ആത്മനിറവ് പഴയനിയമത്തിൽ പലർക്കും ഉണ്ടായിട്ടുണ്ട്. എന്നാൽ പഴയനിയമകാലഘട്ടങ്ങളിൽ ആരും അന്യഭാഷ പറഞ്ഞതായി നാം കാണുന്നില്ല. ആത്മനിറവിന്റെ അടയാളം അന്യഭാഷ മാത്രമാണെന്ന വാദം ഇവിടെ പൊളിയുന്നു (ഒക്ടോബർ ലക്കം, 2019. പേജ് 14). അങ്ങനെ ഒരു വാദം പെന്തെക്കോസ്തുകാർ ഉന്നയിച്ചിട്ടില്ല. പിന്നെ വാദം പൊളിയുന്നുമില്ലല്ലോ. താങ്കളുടെ കുറ്റാരോപണമാണ് പൊളിയുന്നത്. അതു തിരിച്ചറിയുക"**

ആത്മനിറവിന്റെ അടയാളം അന്യഭാഷ മാത്രമാണെന്ന് പെന്തെക്കോസ്തുകാർ അവകാശപ്പെടുന്നില്ല എന്ന അങ്ങയുടെ വാദം ശരിയാണ്. സമ്മതിക്കുന്നു. എന്നാൽ ആത്മനിറവിന്റെ പ്രാരംഭ അടയാളം അന്യഭാഷയാണെന്നു പെന്തെക്കോസ്തുകാർ പഠിപ്പിക്കുന്നുണ്ട്. എന്നു വച്ചാൽ, അന്യഭാഷ പറഞ്ഞാൽ മാത്രമേ ഒരുവനു ആത്മനിറവ് ലഭിച്ചു എന്നു പറയാനൊക്കൂ എന്നർത്ഥം.

ഈ വാദം അനുസരിച്ച്, ആത്മനിറവിന്റെ മറ്റു അടയാളങ്ങൾക്ക് പ്രസക്തിയില്ലല്ലോ. കാരണം അന്യഭാഷ പറഞ്ഞാൽ മാത്രമല്ലേ ഒരാൾക്ക് ആത്മനിറവ് ഉണ്ടായി എന്നു പറയാൻ സാധിക്കുകയുള്ളൂ. അന്യഭാഷയാണല്ലോ പ്രാരംഭ അടയാളം. പെന്തെക്കോസ്തുകാരുടെ വാദമനുസരിച്ച്, അന്യഭാഷ ലഭിക്കാത്തവൻ ആത്മനിറവില്ലാത്തവനാണ്. അങ്ങനെയെങ്കിൽ ആത്മനിറവിന്റെ അടയാളം അന്യഭാഷ മാത്രമാണെന്ന് പെന്തെക്കോസ്തുകാർ വാദിക്കുന്നതായി എന്നെപ്പോലുള്ളവർ ചിന്തിച്ചാൽ കുറ്റം പറയാനൊക്കില്ല. താഴെ കാണുന്ന ഉദ്ധരണികൾ ദയവായി ശ്രദ്ധിക്കുമല്ലോ.

"അന്യഭാഷ ആത്മനിറവിന്റെ പ്രാരംഭലക്ഷണം അഥവാ അടയാളം ആണ്" (*തിരുവെഴുത്തിൽ പരിശുദ്ധാത്മാവ്,* ടി.ടി.സാമുവൽ, പേജ് 193)

"ആത്മനിറവ്, ആത്മസ്നാനം, ആത്മാഭിഷേകം, ആത്മപ്രാപണം എന്നിവയുടെ പ്രാരംഭ അടയാളം അന്യഭാഷ ആണ്..." (പേജ് 180)

"ആത്മനിറവില്ലാത്തവരെക്കൊണ്ടും അതു സാധിക്കും.... അതിനാൽ ആത്മദാനത്തിന്റെ അന്യൂനമായ അടയാളം അന്യഭാഷ തന്നെ. മറ്റു ലക്ഷണങ്ങൾ നിർണ്ണായക ലക്ഷണങ്ങളായി പരിഗണിക്കാവതല്ല" (പേജ് 185)

"ആത്മാവിനെ പ്രാപിച്ചതിന്റെയോ ആത്മാഭിഷേകം പ്രാപിച്ചതിന്റെയോ ആത്മസ്നാനം പ്രാപിച്ചതിന്റെയോ അടയാളമാണ് അന്യഭാഷാഭാഷണമെന്നും അതു ഉണ്ടാകാത്ത കാലത്തോളം ആത്മാവിനെ പ്രാപിച്ചു എന്നു പറയാൻ സാധ്യമല്ല എന്നുമാണ് പെന്തെക്കോസ്തുകാർ പഠിപ്പിക്കുന്നത്"(*തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനിക പെന്തെക്കോസ്തിന്റെ ആത്മാവും*, ഡോ. കെ.സി.തോമസ്, പേജ് 325)

**"പരിശുദ്ധാത്മാവിനു വേണ്ടിയുള്ള കാത്തിരിപ്പ് പരിശുദ്ധാത്മാവ് വന്നിട്ടും തുടരേണ്ട ആവശ്യമില്ലെന്നു താങ്കൾ പറയുന്നു. താങ്കൾ ഈ കാര്യത്തിലും വടി കൊടുത്ത് അടി വാങ്ങുകയാണ്. പെന്തെക്കോസ്തുകാർ ഇപ്പോൾ കാത്തിരിക്കുന്നത് സ്വർഗ്ഗത്തിൽനിന്നും ആത്മാവ് വരാനല്ല, വന്ന ആത്മാവ് ആ നിറവ് ലഭ്യമായിട്ടില്ലാത്തവരുടെ മേൽ പ്രവേശിക്കാൻ വേണ്ടിയാണ്"**

ഇപ്രകാരം കാത്തിരിപ്പ് യോഗങ്ങൾ നടത്തി ആത്മനിറവ് പ്രാപിക്കുവാൻ വചനത്തിൽ വ്യവസ്ഥയുണ്ടോ എന്നും കൂടി പറഞ്ഞാൽ നന്നായി.

**"താങ്കളുടെ ആരാധനയിൽ അന്യഭാഷയുണ്ടോ? വ്യാഖ്യാനമുണ്ടോ? ഇല്ലെങ്കിൽ ആ കുറവു പരിഹരിക്കാനല്ലേ താങ്കളും ബ്രദറൺസഭയും ശ്രമിക്കേണ്ടത്?"**

പെന്തെക്കോസ്തുസഭകളിൽ ഇപ്പറഞ്ഞതൊക്കെ ഉണ്ടോ? ഇക്കാലങ്ങളിൽ അന്യഭാഷ വ്യാഖ്യാനിക്കുന്നവരുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഫോൺനമ്പർ എനിക്കു വേണം. തൃശ്ശൂരുള്ള ചില പെന്തെക്കോസ്തുസഭകളിൽ കേൾക്കുന്ന *ഭൂതാരാജാ...വരദാരാജാ... ബിംബാരാജ...* എന്നിവയുടെ അർത്ഥം ഒന്നു ചോദിച്ചറിയാനാണ്.

1 കൊരിന്ത്യർ 14:26 ഉദ്ധരിച്ചുകൊണ്ടാണ് എന്റെ ആരാധനയിൽ അന്യഭാഷയും വ്യാഖ്യാനവും ഉണ്ടോ എന്നു അങ്ങ് ചോദിച്ചത്. തൊട്ടുതാഴെയുള്ള വാക്യം (14:27) ദയവായി നോക്കൂ. "അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടു പേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ. അവർ ഓരോരുത്തനായി സംസാരിക്കയും ഒരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ." ഈ ക്രമം അങ്ങ് ഏതെങ്കിലും പെന്തെക്കോസ്തുസഭയിൽ കണ്ടിട്ടുണ്ടോ? എന്തുകൊണ്ടാണ് ഈ ക്രമം പാലിക്കാൻ അവർക്ക് കഴിയാത്തത്? വചനപ്രകാരമുള്ള അന്യഭാഷയല്ല അവർ പറയുന്നത് എന്നതിന്റെ ശക്തമായ ഒരു തെളിവല്ലേ അത്?

**"ഒരിക്കൽ ആത്മശക്തി പ്രാപിച്ചവർ മാതൃകയില്ലാത്ത ജീവിതം കൊണ്ട് അതിനെ നശിപ്പിച്ചാൽ അയാൾ കൃത്രിമമായി പരിചയത്തിൽനിന്നും അന്യഭാഷ സംസാരിച്ചേക്കാം. അതാണ് തെറ്റ്. അങ്ങനെ സംഭവിക്കുന്നുണ്ട്. അതിന് അയാൾ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും"**

അപ്പോൾ കള്ളത്തരത്തിൽ അന്യഭാഷ പറയുന്ന ചിലരെങ്കിലുമുണ്ട് എന്ന് ഇവിടെ സമ്മതിച്ചുവല്ലോ. പറയുന്നത് കള്ളഅന്യഭാഷയാണോ വരമായുള്ള അന്യഭാഷയാണോ എന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. ശരിയായ അന്യഭാഷാവരമുള്ളവന് അന്യഭാഷക്കാരോട് അവരുടെ ഭാഷയിൽ സംസാരിക്കാൻ കഴിയും (അപ്പൊ.പ്രവൃ.2). സഭയിൽ വ്യാഖ്യാനി ഇല്ലെങ്കിൽ അവർ മിണ്ടാതിരിക്കും. (1 കൊരിന്ത്യർ 14:28). എല്ലാവരും കൂടി കാക്കകോലാഹലം ഉണ്ടാക്കുകയില്ല; രണ്ടോ മൂന്നോ പേരേ സംസാരിക്കുകയുള്ളൂ (1 കൊരിന്ത്യർ 14:27). ഈ വ്യവസ്ഥകളൊന്നും പാലിക്കാതെ കള്ളത്തരം കാണിക്കുന്നവർ ഒരു നാളിൽ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരിക തന്നെ ചെയ്യും.

**(തുടരും)**

# യോവേൽ (പുസ്തകപഠനം)

13

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:18**

**"അങ്ങനെ യഹോവ തന്റെ ദേശത്തിനു വേണ്ടി തീക്ഷ്ണത കാണിച്ചു തന്റെ ജനത്തെ ആദരിച്ചു"**

ദൈവം ശിക്ഷിക്കാൻ വേണ്ടി കച്ചകെട്ടി നടക്കുന്നവനല്ല. തന്റെ ജനത്തെ അനുഗ്രഹിക്കാൻ അത്യധികം ആഗ്രഹമുള്ളവനാണ്. യഥാസ്ഥാനപ്പെടേണ്ട എല്ലാ മേഖലകളിലും നാം യഥാസ്ഥാനപ്പെട്ടാൽ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ധാരാളമായി പകരപ്പെടുക തന്നെ ചെയ്യും. ആ അനുഗ്രഹങ്ങളിൽ ചിലത് താഴെപ്പറയുന്നവയാണ്:

(1) നമുക്കുവേണ്ടി തീക്ഷ്ണത കാണിക്കും

നമ്മുടെ കാര്യത്തിൽ ദൈവം ഒരു എരിവ്, നല്ല താത്പര്യം കാണിക്കും. ഡിഗ്രി പൂർത്തിയാക്കിയതിനുശേഷം നാലും അഞ്ചും കൊല്ലം കഴിഞ്ഞിട്ട് സർട്ടിഫിക്കറ്റ് കൊടുക്കുന്ന യൂണിവേഴ്സിറ്റി അല്പം പോലും തീക്ഷ്ണതയില്ലാത്ത യൂണിവേഴ്സിറ്റിയാണെന്നു പറയാം. ചെയ്യാനുള്ള കാര്യങ്ങൾ ആത്മാർത്ഥതയോടെ, ഏറ്റവും വേഗത്തിൽ ചെയ്യുന്നതാണ് തീക്ഷ്ണത. കുട്ടികൾ പഠനത്തിൽ തീക്ഷ്ണത കാണിക്കണം എന്നു പറയുമ്പോൾ തീക്ഷ്ണത എന്ന വാക്കിന്റെ ആശയം മനസ്സിലായല്ലോ. സ്നേഹവാനായ ദൈവം തന്റെ മക്കൾക്കുവേണ്ടി തീക്ഷ്ണത കാണിക്കും. തിരുത്തേണ്ട മേഖലകളിൽ നാം തിരുത്തൽ വരുത്തുക. മുടങ്ങിക്കിടക്കുന്ന അനുഗ്രഹങ്ങൾ നമ്മെത്തേടി വരും.

**യോവേൽ 2:19**

**"യഹോവ തന്റെ ജനത്തിനു ഉത്തരം അരുളിയത്: ഞാൻ നിങ്ങൾക്കു ധാന്യവും വീഞ്ഞും എണ്ണയും നൽകും; നിങ്ങൾ അതിനാൽ തൃപ്തി പ്രാപിക്കും; ഞാൻ ഇനി നിങ്ങളെ ജാതികളുടെ ഇടയിൽ നിന്ദയാക്കുകയുമില്ല."**

(2) ദൈവം ഉത്തരം നൽകും

നമ്മുടെ നിരവധി പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതുണ്ടാകാം.

എന്നാൽ നാം മനം തിരിയുമ്പോൾ ഉത്തരങ്ങൾ ലഭിച്ചു തുടങ്ങും. ഉത്തരങ്ങൾ പലപ്പോഴും വൈകുന്നത് നാം കൂടുതൽ യഥാസ്ഥാനപ്പെടേണ്ടതിനാണ്. നമ്മുടെ ഭാഗത്ത് വരുത്തേണ്ട മാറ്റങ്ങൾ നമുക്ക് വേഗത്തിൽ വരുത്താം. അങ്ങനെ ദൈവത്തിൽനിന്നുള്ള ഉത്തരങ്ങളെ വേഗത്തിൽ വരവേൽക്കാം.

(3) നാം തൃപ്തി പ്രാപിക്കും

ഒരിക്കലും തൃപ്തി വരാത്ത ചിലതിനെക്കുറിച്ച് സദൃശവാക്യങ്ങൾ 30:15–16 ൽ പറയുന്നുണ്ട്. പാതാളം, വന്ധ്യയുടെ ഗർഭപാത്രം, ഭൂമി, തീ എന്നിവയാണവ. മനുഷ്യനും തൃപ്തി പ്രാപിക്കാൻ വളരെ ബുദ്ധിമുട്ടാണ്. എത്ര ലഭിച്ചാലും അവൻ തൃപ്തനാകുകയില്ല. പക്ഷേ ഒരു ഭക്തന് തൃപ്തി പ്രാപിക്കാൻ വളരെ എളുപ്പത്തിൽ കഴിയും. അപ്പൊസ്തലനായ പൗലൊസ് താൻ തൃപ്തനാണെന്നു പറയുന്നത് കേൾക്കുക: "ഇപ്പോൾ എനിക്കു വേണ്ടുന്നത് എല്ലാം ഉണ്ട്; സമൃദ്ധിയായുമിരിക്കുന്നു..." (ഫിലിപ്പിയർ 4:18). മാനസാന്തരപ്പെട്ടവന് തൃപ്തി വരുത്തുന്ന ഈ ദൈവത്തിൽ നമുക്കു ശരണപ്പെടാം.

(4) അപമാനം എടുത്തുകളയും

"ഞാൻ ഇനി നിങ്ങളെ ജാതികളുടെ ഇടയിൽ നിന്ദയാക്കുകയുമില്ല" എന്നാണ് യോവേൽപ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്തത്. നാം അനുസരണക്കേടു കാണിക്കുമ്പോൾ ദൈവം നമ്മുടെ അനുഗ്രഹങ്ങൾ പിൻവലിക്കും; നാം അങ്ങനെ ജാതികളുടെ ഇടയിൽ പരിഹാസപാത്രങ്ങളായി മാറുകയും ചെയ്യും. എന്നാൽ നാം യഥാസ്ഥാനപ്പെടുമ്പോൾ ആ നിന്ദ ദൈവം മാറ്റും. ചുറ്റുമുള്ള ജനങ്ങളുടെ ഇടയിൽ നാം പരിഹാസപാത്രങ്ങളായി തുടരേണ്ടി വരികയില്ല.

**യോവേൽ 2:20**

**"വടക്കുനിന്നുള്ള ശത്രുവിനെ ഞാൻ നിങ്ങളുടെ ഇടയിൽനിന്നു ദൂരത്താക്കി വരണ്ടതും ശൂന്യവുമായോരു ദേശത്തേക്ക് നീക്കി, അവന്റെ മുൻപടയെ കിഴക്കെ കടലിലും അവന്റെ പിൻപടയെ പടിഞ്ഞാറെ കടലിലും ഇട്ടുകളയും; അവൻ വമ്പു കാട്ടിയിരിക്കകൊണ്ട് അവന്റെ ദുർഗന്ധം പൊങ്ങുകയും നാറ്റം കയറുകയും ചെയ്യും"**

(5) ശത്രുവിനെ അകറ്റും

ശത്രു പ്രബലനായിരിക്കാം. കിഴക്കെ കടലിലും പടിഞ്ഞാറെ കടലിലും ഇടത്തക്ക വിധം ശക്തമായ സൈന്യം ഉള്ളവനായിരിക്കാം.

പക്ഷേ ദൈവം കൂടെയുണ്ടെങ്കിൽ ഏതു വലിയ ശത്രുവും നിലംപൊത്തും. ബാലനായ ദാവീദിന്റെ മുമ്പാകെ മല്ലനായ ഗോലിയാത്ത് നിലം പൊത്തിയില്ലേ? ശത്രുവിന്റെ കരുത്ത് അല്ല നാം നോക്കേണ്ടത്. ദൈവം നമ്മോടു കൂടെ ഉണ്ടോ എന്നുള്ളതാണ്. ശത്രുവിന്റെ വലിപ്പം സ്വയം പെരുപ്പിച്ച് കണ്ട് നെടുവീർപ്പിട്ടും ഭയപ്പെട്ടും ഇരിക്കാതെ സർവശക്തനായ ദൈവത്തിന്റെ കരുത്തും മഹിമയും നാം മനസ്സിൽ കൊണ്ടുനടക്കണം. ഒരു ദൈവപൈതലിനേ അതു കഴിയൂ.

(തുടരും)

**നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. ഫോൺ: 95 44 557 557**

# കഷ്ടത ഗുണമായി

## പി വി സന്തോഷ്, വയനാട്

നരഭോജികളുടെ അടുത്ത് സുവിശേഷം അറിയിക്കാൻ പോയ ഒരു മിഷണറിയെ അവർ പിടികൂടി. അവർ തന്നെ വെട്ടിത്തിന്നുവാൻ തുടങ്ങുകയാണെന്നു മനസ്സിലായപ്പോൾ മിഷണറി പറഞ്ഞു: "എന്റെ മാംസത്തിനാണെങ്കിൽ ഒട്ടും രുചിയില്ല. നിങ്ങളുടെ പല്ലുകളും പോകും. ഈ കാലിന്റെ മാംസം കുറച്ച് പരിശോധിച്ച ശേഷം എന്നെ വെട്ടി നുറുക്കിക്കൊള്ളൂ." ഇതും പറഞ്ഞ് അദ്ദേഹം തന്റെ വലതുകാലിലേക്ക് വിരൽ ചൂണ്ടി.

അവർ മിഷണറിയുടെ വലതു കാലിന്റെ ഒരു കഷണം വെട്ടിയെടുത്തു രുചിച്ചു. അദ്ദേഹം പറഞ്ഞത് സത്യമാണെന്നു അവർക്കു തോന്നി. പല്ലിനു ഭയങ്കര വേദന അനുഭവപ്പെട്ടു. രുചി ഒട്ടുമില്ല താനും. "ഇവിടെ ഇനി കാണരുത്" എന്നു പറഞ്ഞ് അവർ മിഷണറിയെ വെറുതെ വിട്ടു. വലതു കാലിനു അപകടം പറ്റിയ ശേഷം മരം കൊണ്ടുള്ള കൃത്രിമക്കാലായിരുന്നു മിഷണറി വച്ചിരുന്നത് എന്നുള്ള സത്യം പാവം നരഭോജികൾക്ക് മനസ്സിലായില്ല.

(എഡിറ്റർ)

# 23 ചോദ്യവും ഉത്തരവും

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

? *വീഞ്ഞു കുടിക്കാമെന്നും എന്നാൽ വീഞ്ഞ് പരിഹാസിയാണെന്നും ബൈബിളിൽ കാണുന്നു. വീഞ്ഞ് നമുക്ക് കുടിക്കാമോ? അങ്ങനെയാണെങ്കിൽ മദ്യവും കഴിച്ചുകൂടെ?*

**മറുപടി:**

**വീഞ്ഞ് – പുതിയനിയമത്തിൽ**

വീഞ്ഞിന് പുതിയനിയമത്തിൽ 'ഓയ്നോസ്' 'oinos' (oy'-nos) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആകെ 25 വാക്യങ്ങളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. അപ്പൊ.പ്രവൃ.2:13 ൽ പുതുവീഞ്ഞ് എന്നതിന് gleukos, (glyoo'-kos) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. 'ഓയ്നോസ്' എന്ന പദം വരുന്ന 25 വാക്യങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലായ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) വയറിന് അസുഖവും ക്ഷീണവും ഉണ്ടെങ്കിൽ അല്പം വീഞ്ഞ് (oinos) കഴിക്കാം; വയറിന്റെ അസുഖം മാറുക, ആരോഗ്യം വീണ്ടെടുക്കുക എന്നത് മാത്രമാണ് ലക്ഷ്യം. (1 തിമൊ.5:23)

(2) ഇതേ വീഞ്ഞ് (oinos) അധികമായാൽ മത്തരാകും (എഫെസ്യർ 5:18) "And be not drunk with wine, wherein is excess" (KJV). "And do not take overmuch wine by which one may be overcome" (BBE - Bible in Basic English). വീഞ്ഞ് അധികമാകരുത് എന്നു ഇവിടെ വ്യക്തമാണ്.

(3) 1 തിമൊ.3:3, തീത്തൊസ് 1:7 എന്നീ വാക്യങ്ങളിൽ മദ്യപ്രിയൻ ആകരുത് എന്നു കാണുന്നുണ്ട്. പാർ ഓയ്നോസ് paroinos, (par'-oy-nos) എന്ന ഗ്രീക്ക് പദമാണ് ഈ രണ്ടു ഭാഗങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. വേറെ ഒരിടത്തും ഈ പദം ഇല്ല. Not given to wine എന്നാണ് ഇംഗ്ലീഷിൽ. മദ്യം കുടിക്കരുത് എന്നല്ല, വീഞ്ഞ് കുടിക്കരുത് എന്നാണ് ഇവിടത്തെ ആശയം.

(4) 1 തിമൊ. 3:8 ൽ മദ്യപന്മാർ എന്ന് കാണുന്നിടത്ത് വീഞ്ഞ് (oinos) എന്നാണ് മൂലഭാഷയായ ഗ്രീക്കിലുള്ളത്. തീത്തൊസ് 2:3 ൽ വീഞ്ഞിന് അടിമപ്പെടാത്തവരായിരിക്കണം എന്നു പറഞ്ഞിരിക്കുന്നു. രണ്ടിടത്തും ഒരേ പദമാണ് ഗ്രീക്കിൽ.

**സംഗ്രഹം:** വീഞ്ഞിന്റെ മിതമായ ഉപയോഗത്തെ പുതിയനിയമം പിന്താങ്ങുകയും അമിതമായ ഉപയോഗത്തെ എതിർക്കുകയും ചെയ്യുന്നു. അമിത

മായാൽ മത്തരാകും. മലയാളം ബൈബിളിൽ മദ്യം എന്നു കാണുന്നുണ്ടെങ്കിലും, മൂലഭാഷയിൽ എല്ലായിടത്തും വീഞ്ഞ് (oinos) എന്നു തന്നെയാണ്. വീഞ്ഞ് കുടിക്കാനുള്ള അനുവാദം ബൈബിൾ തരുന്നതിന്റെ മറവിൽ വിപണിയിൽ ലഭ്യമായ മദ്യം കുടിക്കാം എന്നു ചില വിശ്വാസികൾ പറയുന്നതായി കേട്ടിട്ടുണ്ട്. മദ്യം കുടിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നു തരുന്നവർ തന്നെ അതിൽ എഴുതിവച്ചിട്ടുണ്ടല്ലോ. അങ്ങനെയുള്ള മദ്യം കുടിക്കാൻ ബൈബിളിലെ വാക്യത്തിന്റെ പിൻബലം തേടേണ്ട കാര്യമില്ല.

**വീഞ്ഞ് – പഴയനിയമത്തിൽ**

വീഞ്ഞിന് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം 'യായീൻ' yayin (yah'-yin) എന്നാണ്. നോഹ കുടിച്ചതും (ഉല്പത്തി 9:21), മെൽക്കീസെദേക്ക് കൊണ്ടുവന്നതും (ഉല്പത്തി 14:18), ലോത്തിനെ സ്വന്തം പെൺമക്കൾ കുടിപ്പിച്ചതും (ഉല്പത്തി 19:32), പാനീയയാഗമായി ഉപയോഗിക്കുന്നതും (പുറപ്പാട് 29:40), നിന്റെ വീഞ്ഞ് ഇറങ്ങട്ടെ എന്നു ഏലി പറഞ്ഞിടത്തും (1 ശമൂവേൽ 1:14), വീഞ്ഞ് പ്രിയപ്പെടുന്നവൻ ധനവാനാകയില്ല എന്നു കാണുന്നിടത്തും (സദൃശ. 23:37) എല്ലാം ഉപയോഗിച്ചിരിക്കുന്നത് 'യായീൻ' എന്ന പദമാണ്.

strong drink എന്ന അർത്ഥത്തിൽ ഷെയ്കാർ shekar (shay-kawr) എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. മദ്യം എന്നു മലയാളം ബൈബിളിൽ കൊടുത്തിരിക്കുന്നു. വീഞ്ഞും മദ്യവും എന്നു നമ്മുടെ ബൈബിളിൽ കാണുന്നിടത്തെല്ലാം ഗ്രീക്കിൽ, യായീനും ഷെയ്കാറും എന്നാണ്. ലേവ്യർ 10:9, സംഖ്യ 6:3, സദൃശ.20:1, എന്നിവിടങ്ങളിലെല്ലാം ഈ രണ്ടു പദങ്ങൾ കാണാം. സദൃശവാക്യം 20:1 ൽ. "വീഞ്ഞ് (യായീൻ) പരിഹാസിയും മദ്യം (ഷെയ്കാർ) കലഹക്കാരനും ആകുന്നു"

പുതിയനിയമത്തെപ്പോലെ പഴയനിയമത്തിലും വീഞ്ഞിന്റെ നല്ല രീതിയിലുള്ള ഉപയോഗം മാത്രമാണ് പ്രോത്സാഹിപ്പിച്ചിട്ടുള്ളത്. വീഞ്ഞ് പരിഹാസിയാണ് എന്നു പറയുമ്പോൾ വീഞ്ഞിന്റെ അമിതമായ ഉപയോഗത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. കാരണം, മെൽക്കീസെദേക്ക് വന്നപ്പോൾ വീഞ്ഞ് കൊണ്ടുവന്നതായി കാണുന്നുണ്ടല്ലോ. അപ്പോൾ വീഞ്ഞ് നല്ല രീതിയിലും മോശമായും ഉപയോഗിക്കാം. നല്ല രീതിയിലുള്ള ഉപയോഗം മാത്രം ദൈവജനത്തിന് ആകാം.

ആൽക്കഹോളിന്റെ അംശം ഇല്ലാത്ത രീതിയിൽ വീഞ്ഞ് നമുക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആൽക്കഹോൾ ഉള്ള വീഞ്ഞ് രുചിക്കുന്നത് മദ്യപാനമായാണ് പരിഗണിക്കുന്നത്. അത്തരം വീഞ്ഞ് മദ്യശാലകളിൽനിന്നേ ലഭിക്കൂ. നാം വീട്ടിൽ അത്തരം വീഞ്ഞ് ഉണ്ടാക്കിയാൽ അത് നിയമവിരുദ്ധവുമാണ്.

എംവിഎസ്

# മൈബന്നോക്കുലർ

## 11

## കൊറോണയെ കണ്ടപ്പോൾ കാണാണ്ടായ കൊറേയെണ്ണം!

എന്തൊക്കെയായിരുന്നു! കുരുടർ കാണുന്നു. മുടന്തർ നടക്കുന്നു. കാൻസർരോഗികൾ ഓടിനടക്കുന്നു. ഉഗാണ്ടയിൽ മരിച്ചവനെ ഉയിർപ്പിക്കുന്നു. ചൊറി മാറുന്നു. മുഴ മാറുന്നു.... എങ്ങും അത്ഭുതരോഗശാന്തിക്കാരുടെ വിളയാട്ടമായിരുന്നു. രോഗാണുക്കളെ ശാസിച്ച് അകറ്റുകയും ഉള്ളം കയ്യിലെടുത്ത് ഞെരിച്ച് വലിച്ചെറിയുകയും ചെയ്യുന്ന അത്ഭുതരോഗശാന്തിവരപ്രാപ്തന്മാർ!

കൊറോണ വന്നപ്പോൾ കാണാണ്ടായ കൊറേയെണ്ണം ആളുകൾ ഇവരൊക്കെയാണ്. ദൈവദാസന്മാരായ തങ്കു, താരു, സജിത്, മനുമേനോൻ, ദേവസ്യാ മുല്ലക്കര... പോട്ട, മുരിങ്ങൂർ, ജെറുസലേം, കൃപാസനം... രോഗാണുക്കളെയും രോഗങ്ങളെയും വെല്ലുവിളിച്ചു നടന്നിരുന്നവർ... ആലിംഗനാനുഗ്രഹം കൊണ്ട് ഭക്തന്മാരുടെ വേദനകളെ ഒപ്പിയെടുത്തിരുന്ന മാതാ അമൃതാനന്ദമയി... എല്ലാവരും നിസ്സഹായരായിപ്പോയി. അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവിട്ടു. കൊറോണ വന്നപ്പോൾ അടച്ചുപൂട്ടാൻ പറയുകയല്ല സർക്കാരേ വേണ്ടത്, ഞങ്ങളെ പുറത്തിറങ്ങി ഈ രോഗാണുവിനെ തടയാൻ അനുവദിക്കൂ എന്നു ഇവരാരും പറഞ്ഞില്ല. (അമൃതാനന്ദമയി ഇക്കൂട്ടത്തിലെ മാന്യയായ വ്യക്തിയാണ്. കാരണം അവർ അത്ഭുതരോഗശാന്തി നടത്താറില്ല. ബാക്കിയുള്ളവന്മാരുടെയത്രേം തൊലിക്കട്ടി ഇല്ല എന്നർത്ഥം).

കൊറോണ വന്നപ്പോൾ കണ്ടം വഴി ഓടിയവരുടെ ലിസ്റ്റ് ഇനിയും നീളും. അതിന്റെയിടക്ക്, ആകാശത്തുനിന്നു തീ വീണ് കൊറോണയെ കരിക്കുന്നത് കണ്ടു എന്നു ഒരു മണ്ടൻപാസ്റ്റർ വച്ചുകാച്ചി. പണ്ട് ദേശീയപതാകയിൽ ഹിന്ദുവിനെയും മുസ്ലീമിനെയും ക്രിസ്ത്യാനിയെയും കാണുകയും അതിൽ ക്രിസ്ത്യാനി വെള്ളനിറമാണെന്നും അതിലാണ് അശോകചക്രം സ്ഥിതി ചെയ്യുന്നതെന്നും വച്ചുകാച്ചിയ മഹാൻ തന്നെയാണ് ഈ വെടിയും പൊട്ടിച്ചത്. ഈവക പെന്തെക്കോസ്തുകാരെക്കൊണ്ട് തോറ്റു!

കൊറോണയുടെ ആക്രമണം തീർന്ന് എല്ലാം ശാന്തമായാൽ വീണ്ടും വരും, നമ്മുടെ ഈ രോഗശാന്തിക്കാർ. നാണമില്ലാത്ത കഴുതകളായ ജനം പിന്നെയും കൂടെ കൂടും. എത്ര പഠിച്ചിട്ടും പഠിക്കാത്തവർ!

*നമുക്ക് വിവേകം ഉണ്ട്. ചിന്തിക്കാനുള്ള കഴിവ് ഉണ്ട്. അത് നാം പ്രയോജനപ്പെടുത്തണം.*

# ഓരോരോ ജന്മങ്ങള്!

## എംവിഎസ്

4

### 4. ബേഥേലിലെ വൃദ്ധനായ പ്രവാചകൻ

ബേഥേൽ, വൃദ്ധൻ, പ്രവാചകൻ എന്നീ മൂന്നു പദങ്ങൾ കേൾക്കുമ്പോൾ നമ്മുടെ ഉള്ളിൽ ഉണ്ടാകുന്നത് മാന്യനായ ഒരു വ്യക്തിയുടെ ചിത്രമാണ്. കള്ളൻ, നുണയൻ, ചതിയൻ എന്നീ മൂന്നു പദങ്ങൾ കേൾക്കുമ്പോൾ നമ്മുടെ ഉള്ളിൽ ലഭിക്കുന്നത് മറ്റൊരു ചിത്രമാണ്. വാസ്തവത്തിൽ ബേഥേലിലെ വൃദ്ധനായ പ്രവാചകൻ ഇതൊക്കെയായിരുന്നു - കള്ളൻ, നുണയൻ, ചതിയൻ!

1 രാജാക്കന്മാർ 13-ാം അദ്ധ്യായത്തിലാണ് ഈ കഥാപാത്രത്തെ നാം പരിചയപ്പെടുന്നത്. ദുഷ്ടനായ യൊരോബെയാമിനെതിരെ സംസാരിക്കാൻ ഒരു ദൈവപുരുഷൻ യെഹൂദയിൽനിന്നും ബേഥേലിലേക്ക് വന്നു. നീ അപ്പം തിന്നരുത്, വെള്ളം കുടിക്കരുത്, പോയ വഴിയായി മടങ്ങിവരികയും അരുത് എന്ന് ദൈവം അവനോടു കല്പിച്ചിരുന്നു (13:9). അതനുസരിച്ച് തന്റെ ശുശ്രൂഷ തികച്ച ശേഷം ദൈവകല്പന അനുസരിച്ച് യാത്ര ചെയ്ത ആ ദൈവപുരുഷന്റെ പിന്നാലെ നമ്മുടെ കഥാനായകൻ - ബേഥേലിലെ വൃദ്ധനായ പ്രവാചകൻ - ചെന്നു.

"അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്യേണ്ടതിന് നീ അവനെ നിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടു വരിക" എന്ന് എനിക്ക് അരുളപ്പാടുണ്ടായി എന്നു ആ വൃദ്ധനായ പ്രവാചകൻ തട്ടിവിട്ടു (13:18). കേട്ട പാടെ ആ പാവം അത് വിശ്വസിച്ചു. ബേഥേലിലെ ആളല്ലേ, വൃദ്ധനായ ആളല്ലേ, പ്രവാചകനായ ആളല്ലേ എന്നൊക്കെ ആ പാവം ചിന്തിച്ചു. വലിയ വില അതിനു കൊടുക്കേണ്ടി വന്നു. അവൻ ദൈവക്രോധം ഏറ്റുവാങ്ങേണ്ടി വന്നു. "അവൻ പോകുമ്പോൾ വഴിയിൽ ഒരു സിംഹം അവനെ കണ്ടു അവനെ കൊന്നു" (13:24).

ഇത്തരം ചതിയന്മാർ ആത്മികലോകത്തു ധാരാളമുണ്ട് എന്നു നാം തിരിച്ചറിയണം. "എന്നോടു ദൈവം പറഞ്ഞു" എന്നും പറഞ്ഞാണ് ആ വൃദ്ധൻ യെഹൂദയിൽനിന്നു വന്ന ദൈവപുരുഷനെ ചതിച്ചത്. ഇന്നും എത്രയോ ആളുകൾ "ദൈവം എന്നോടു സംസാരിച്ചു" എന്നു പറഞ്ഞ് വചനത്തിന് വിരോധമായി സംസാരിച്ച് ആളുകളെ ചതിയ്ക്കുന്നു. "എന്നോട് ദൈവാത്മാവ് ഇന്നലെ ഇത്ര മണിക്കൂർ സംസാരിച്ചു" എന്നു വച്ചുകാച്ചി പാവം ദൈവജനത്തെ വഴി പിഴപ്പിക്കുന്ന എത്രയോ 'ബേഥേലിലെ പ്രവാചകന്മാർ' ഇന്നു ആത്മികഗോളത്തിൽ വിലസുന്നു! ഓരോരോ ജന്മങ്ങള്!

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th April 2020

Posted at
Thrissur RMS

**ആനുകാലികം**

## റോഡിൽ കൂടിനിന്നവർക്ക് ഏത്തം

ലോക്ഡൗൺ ലംഘിച്ച് റോഡിലിറങ്ങി കൂട്ടം കൂടിയവരെ ഏത്തമിടീപ്പിച്ച് ജില്ലാ പോലീസ് മേധാവി ജി.എച്ച്. യതീഷ് ചന്ദ്ര. കണ്ണൂർ അഴീക്കലിലാണ് സംഭവം. അതു വഴി കടന്നുപോകുമ്പോൾ തുറന്നിരുന്ന കടയ്ക്കു മുമ്പിൽ കൂട്ടം കൂടി നിന്ന് 3 പേർ വർത്തമാനം പറയുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് എസ്.പി. വാഹനം നിർത്തി ഇറങ്ങി ഏത്തമിടീപ്പിച്ചത്.

യതീഷ് ചന്ദ്രയുടെ നടപടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആഭ്യന്തര സെക്രട്ടറിയോട് റിപ്പോർട്ട് തേടി. പോലീസ് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുമ്പോൾ അവരുടെ പ്രതിഛായ തകർക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. (*മലയാള മനോരമ* 2020 മാർച്ച് 29)

യതീഷ് ചന്ദ്രയുടെ നടപടിയെ അനുകൂലിച്ചുകൊണ്ട് നിരവധി പേർ സോഷ്യൽമീഡിയായിൽ പോസ്റ്റ് ചെയ്തിരുന്നു. കൊറോണയുടെ പശ്ചാത്തലത്തിൽ യതീഷ്ചന്ദ്ര ചെയ്തത് എന്തുകൊണ്ടും നന്നായി എന്നു അവകാശപ്പെട്ടവരാണ് ഭൂരിഭാഗവും. നിയമം ലംഘിച്ചവർക്ക് താക്കീത് കൊടുക്കാം, അതുമല്ലെങ്കിൽ അവരെ അറസ്റ്റ് ചെയ്യാം. അതല്ലാതെ അവരെക്കൊണ്ട് ഏത്തമിടീപ്പിക്കാനുള്ള നിയമം ഇവിടെയില്ല. അങ്ങനെ ചെയ്യിച്ചത് റാഗിംഗ് ആയി മാത്രമേ പരിഗണിക്കാനാകൂ. നിയമം ലംഘിച്ച് കൂടിനിന്നവർ ചെയ്തത് തെറ്റാണ്. അവരെക്കൊണ്ട് ഏത്തമിടീപ്പിച്ചതും തെറ്റാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V